BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 14/2018-2020 തീയതി: 13-06-2018

# കർഷക തൊഴിലാളി പ്രതിഷേധ മാർച്ച് 2018 സെപ്തംബർ 5 - ഡൽഹി പങ്കെടുക്കുക, വിജയിപ്പിക്കുക.

സഖാവെ,

കേന്ദ്രസർക്കാരിന്റെ തൊഴിലാളിവിരുദ്ധ നിലപാടിനെതിരെയും, കോർപ്പറേറ്റ് അനുകൂല സമീപനത്തിനെതിരെയും രാജ്യത്തെ തൊഴിലാളികളും, കർഷകരും, കർഷകതൊഴിലാളികളും സെപ്തംബർ 5 ന് ദേശീയ തലസ്ഥാനമായ ഡൽഹിയിൽ വമ്പിച്ച പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുകയാണ്. നവഉദാരവൽക്കരണ നയം നടപ്പാക്കിയതിനുശേഷം അതിനെതിരെ നമ്മുടെ രാജ്യത്ത് നടന്ന 17 പണിമുടക്കുകളിലും പങ്കെടുത്തവരാണ് ബി.എസ്.എൻ.എൽ. ജീവനക്കാർ. ഈ നയത്തിനെതിരെ നടക്കുന്ന എല്ലാ പ്രക്ഷോഭങ്ങളുടെയും മുൻനിരയിലാണ് ബി.എസ്.എൻ.എൽ. ജീവനക്കാർ. അതുകൊണ്ടുതന്നെ സെപ്തംബർ 5 ന് നടക്കുന്ന പ്രതിഷേധ മാർച്ചിൽ നല്ല പങ്കാളിത്തം ഉറപ്പാക്കുവാൻ ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ കേരളാ സർക്കിൾ സെക്രട്ടറിയേറ്റ് യോഗം 12-6-2018 ൽ സർക്കിൾ വൈസ് പ്രസിഡന്റ് സ.പി.ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് കേരളത്തിൽ നിന്ന് പരമാവധി ജീവനക്കാരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അഖിലേന്ത്യാ/സംസ്ഥാന ഭാരവാഹികളടക്കം ഓരോ ജില്ലയിൽ നിന്നും താഴെപ്പറയുന്ന രീതിയിൽ സഖാക്കളെ പങ്കെടുപ്പിക്കണം.

| | | | | | |
|---|---|---|---|---|---|
| കണ്ണൂർ | - 7 | തൃശ്ശൂർ | - 6 | പത്തനംതിട്ട | - 3 |
| കോഴിക്കോട് | - 6 | എറണാകുളം | - 8 | കൊല്ലം | - 6 |
| മലപ്പുറം | - 3 | കോട്ടയം | - 5 | തിരുവനന്തപുരം | - 6 |
| പാലക്കാട് | - 5 | ആലപ്പുഴ | - 3 | സർക്കിൾ ഓഫീസ് | - 2 |
| സിവിൽ വിംഗ് | - 2 | | | | |

ടിക്കറ്റുകൾ മുൻകൂട്ടി റിസർവ്വ് ചെയ്യാൻ ശ്രമിക്കണം. പങ്കെടുക്കുന്നവരുടെ വിവരം സർക്കിൾ യൂണിയനെ അറിയിക്കണം.

**മൊബൈൽ പ്ലാൻ:** നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് 200 രൂപക്ക് പകരം പ്ലാൻ 429 അനുവദിക്കണമെന്ന യൂണിയന്റെ ആവശ്യം നിരന്തരം നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി അംഗീകരിക്കുകയും ചില പ്രായോഗിക കാരണങ്ങളാൽ 429 പ്ലാനിനു സമാ

നമായ മറ്റൊരു പ്ലാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പരിധിയില്ലാത്ത വോയിസ് കോൾ, 1 ജി.ബി.ഡാറ്റ, 100 എസ്.എം.എസ്. എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ജൂലായ് 1 മുതൽ നടപ്പിലാക്കും.

**ജെ.ഇ. ഡിപ്പാർട്ടുമെന്റൽ പരീക്ഷ:** 28-1-2018 ജെ.ഇ. പരീക്ഷാഫലം നിരാശാജനകമാണ്. വിഷയം നിരന്തരം മാനേജ്മെന്റുമായി ചർച്ചചെയ്തുവരികയാണ്. യോഗ്യതാ മാർക്കിൽ ഇളവ് വരുത്തി പരമാവധി ജീവനക്കാരെ പാസ്സാക്കണമെന്ന നമ്മുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് 12-6-2018 ൽ കൂടിയ നാഷണൽ കൗൺസിൽ യോഗത്തിൽ കൗൺസിലിന്റെ ചെയർപേഴ്സൺ ഡയറക്ടർ (എച്ച്.ആർ) ഉറപ്പുനൽകി.

**ആർ.ടി.പി. കേസ്:** ബഹു. എറണാകുളം സി.എ.ടി. വിധി കേസ് നൽകിയവർക്ക് നടപ്പാക്കിയിട്ടുണ്ടെന്ന് മാനേജ്മെന്റ് നാഷണൽ കൗൺസിലിൽ അറിയിച്ചു. സമാന സ്വഭാവത്തിലുള്ള കേസുകൾ പരാതി ലഭിച്ചാൽ ഡി.ഒ.ടി.യുടെ പരിഗണനക്കായി സമർപ്പിക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചു.

**ജെ.എ.ഒ. പരീക്ഷയും, റിക്രൂട്ട്മെന്റ് റൂൾ അമന്റ്മെന്റും:** ജെ.എ.ഒ. പരീക്ഷ അവസാനമായി നടന്നത് 2016 ലാണ്. അതുകൊണ്ട് മറ്റൊരു ജെ.എ.ഒ. പരീക്ഷ ഉടൻ നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് യൂണിയൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ റിക്രൂട്ട്മെന്റ് റൂളിൽ പരീക്ഷ എഴുതാനുള്ള യോഗ്യത 9020 സ്കെയിലിൽ 5 വർഷമെന്നത് മൊത്തം സർവ്വീസിൽ 5 വർഷമെന്ന് മാറ്റണമെന്നും, പ്രായപരിധി 55 ആയി ഉയർത്തണമെന്നും കട്ട് ഓഫ് ഡേറ്റ് ജനുവരി 1 എന്നുള്ളത് ജൂലൈ 1 ആക്കി മാറ്റണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**മെമ്പർഷിപ്പ് ക്യാമ്പയിൻ:** സംഘടനയിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള സമയമാണ് ജൂൺ 16 മുതൽ ജൂലായ് 15 വരെ. പരമാവധി ജീവനക്കാരെ സംഘടനയിൽ അംഗങ്ങളാക്കാൻ ശ്രമിക്കണം. ചില ജില്ലകളിൽ എസ്.സി/എസ്.ടി. വെൽഫയർ അസോസിയേഷനിൽ അംഗങ്ങളായിട്ടുള്ളവർ നമ്മുടെ അംഗത്വത്തിൽ നിന്ന് മാറിനിൽക്കുന്നതായി കാണുന്നു. അവരെ നമ്മുടെ സംഘടനയിൽ അംഗങ്ങളാക്കുവാൻ ശ്രമിക്കണം.

**സർക്കിൾ കൗൺസിൽ:** അടുത്ത സർക്കിൾ കൗൺസിലിലേക്ക് ഐറ്റം കൊടുക്കേണ്ട സമയമാണ്. സർക്കിൾ തലത്തിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ രേഖാമൂലം സെക്രട്ടറിമാർ നൽകണം.

**അഖിലേന്ത്യാ സമ്മേളനം:** ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ അഖിലേന്ത്യാ സമ്മേളനം 2019 ജനുവരി 4 മുതൽ 7 വരെ മൈസൂരിൽ വച്ച് നടത്തുവാൻ അഖിലേന്ത്യാ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

**സർക്കിൾ പ്രവർത്തകസമിതി യോഗം:** സർക്കിൾ പ്രവർത്തകസമിതിയോഗം 25-6-2018 ന് രാവിലെ 10 ന് തിരുവനന്തപുരം പി & ടി ഹൗസിൽ ചേരുന്നു. സർക്കിൾ ഭാരവാഹികളും, ജില്ലാ സെക്രട്ടറിമാരും കൃത്യമായി യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.